# INTERNATIONAL INDIAN SCHOOL, RIYADH

## WORKSHEET - 2013-2014



## MALAYALAM

CLASS - X

1. പര്യായപദങ്ങളെഴുതുക:
    1. ശ്രേഷ്ഠം
    2. മഹർഷി
    3. കിണർ
    4. ചൂതം
    5. ബാണം

2. വിപരീതപദമെഴുതുക:
    1. ദൃഢം
    2. മമ
    3. സദാചാരം
    4. നിർദയം
    5. കൃതം

3. അർഥവ്യത്യാസം എഴുതുക:
    1. ആകാരം – ആഹാരം
    2. കലശം – കുശലം
    3. വൃണം – ഘൃണം
    4. ഗളം – ഗണം
    5. പടു – വടു

4. നാനാർഥം എഴുതുക:
    1. ഭൂതി
    2. പ്രകൃതി

3. മതം

4. മൃഗം

5. അടി

(2)

5. എതിർലിംഗം എഴുതുക:

1. സാമ്രാട്ട്

2. ചക്രവർത്തി

3. ഭഗിനി

4. ജനകൻ

5. രാജാവ്

6. പിരിച്ചെഴുതി സന്ധി നിർണയിക്കുക:

1. രാജർഷി

2. ചെഞ്ചായം

3. ഋഗ്വേദം

7. വിഗ്രഹിച്ച് സമാസം നിർണയിക്കുക:

1. വനദേവത

2. ഭൗതികേച്ഛ

3. വീട്ടുകലഹം

8. പ്രയോഗം മാറ്റുക:

1. താപസിമാരിൽ ഒരുത്തി ശകുന്തളയ്ക്ക് വീരനായ പുത്രൻ ജനിക്കട്ടെയെന്ന് ആശംസിച്ചു.

9. അംഗ–അംഗി വാക്യങ്ങൾ വേർതിരിക്കുക:

1. പുരയിടം എന്ന വാക്ക് മനുഷ്യന്റെ പുരയ്ക്കുള്ള ഇടം മാത്രമല്ല ദൈവസൃഷ്ടികൾ തന്നെയായ മറ്റുള്ള ജീവികൾക്കും പുരയ്ഇടമാണ് എന്ന ദർശനത്താൽ ബഷീർ സ്വസ്ഥനും നിസ്സംഗനുമാണ്.

P.T.O

10. വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക:

1. വീടിനകം മുഴുവൻ പ്രാണികളുടെ ശല്യം പടരുന്നു.
2. ആധുനികത്വത്തിന്റെ പുരോഗതിസങ്കൽപത്തെ ഫലിതത്തിന്റെ ലോലമായ പുറംപാളിക്കു മറവിൽ ബഷീർ ചോദ്യം ചെയ്തു.

11. വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തി എഴുതുക:

1. അച്ഛാ, ഞാൻ എന്റെ ലതാഭഗിനിയും സഹോദരിയുമായ വനജ്യോത്സ്നയോടു യാത്ര ചോദിക്കട്ടെ.
2. ചാമരി നൽകി അൻപൊടും സ്നേഹത്തോടും എടുത്തുവളർത്തിയ ദത്തുപുത്രനാണ് വഴിവിടാതെ പിൻതുടരുന്നത്.

12. കത്ത്:

1. സബ്-എഡിറ്റർ തസ്തികയിലേക്ക് അപേക്ഷിച്ചുകൊണ്ട് പത്രാധിപർക്ക് ഒരു കത്തെഴുതുക.
2. കൊതുകുജന്യരോഗങ്ങൾ വ്യാപകമാകുന്ന സാഹചര്യത്തിൽ പ്രതിരോധമാർഗങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ആരോഗ്യമന്ത്രിക്ക് ഒരു കത്തെഴുതുക.

13. ഉപന്യാസം തയ്യാറാക്കുക:

1. മാതൃഭാഷയുടെ ആവശ്യകത
2. സ്ത്രീ ശാക്തീകരണം
3. പരിസര മലിനീകരണം.
4. വൃദ്ധസദനം അനിവാര്യമോ? സമർഥിക്കുക

P.T.O

14. ശരിയുത്തരം തിരഞ്ഞെടുത്ത് എഴുതുക:

1. താഴെ കൊടുത്തിരിക്കുന്നവയിൽ നാടകം ഏത്?
(കുമാരസംഭവം, രഘുവംശം, അഭിജ്ഞാനശാകുന്തളം)
2. ഏ.ആർ. രാജരാജവർമ്മയുടെ ഏത് കൃതിയാണ് കാല്പനിക പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്?
(മലയവിലാസം, മലയാളശാകുന്തളം, കേരളപാണിനീയം)
3. ഭൂമിയുടെ അവകാശികൾ ബഷീറിന്റെ ഏതു ദർശനത്തെ പ്രകാശിപ്പിക്കുന്നു?
(പ്രകൃതിബോധം, ആധുനികത്വം, ഭൗതികവാദം)
4. 'ബേപ്പൂർ സുൽത്താൻ' എന്നറിയപ്പെടുന്നത് ആര്?
(വൈക്കം മുഹമ്മദ് ബഷീർ, ജി. ശങ്കരക്കുറുപ്പ്, എ.ആർ. രാജരാജവർമ്മ)
5. കൃഷിക്കായി ഭൂമി ഏറ്റുവാങ്ങിയിട്ട് അത് ചെയ്യാതിരുന്നാൽ കൊടുക്കേണ്ട നഷ്ടത്തിന്റെ പേര്?
(അപഹിനം, അനുഗ്രഹം, പരിഹാരം)
6. അർത്ഥശാസ്ത്രം ആരുടെ കൃതിയാണ്?
(എഴുത്തച്ഛൻ, ബഷീർ, കൗടില്യൻ)
7. ഭക്തി പ്രസ്ഥാനത്തിന്റെ മുഖ്യ പ്രയോക്താവ് ആര്?
(ചെറുശ്ശേരി, ഉള്ളൂർ, എഴുത്തച്ഛൻ)
8. മുഗ്ധമാം മുഖം പൊക്കിയതാര്?
(സൂര്യകാന്തി, ദിവാകരൻ, തേര്)
9. "പൃഥ്വീവരൻ ഞാൻ" ആര്?
(ദിവാകരൻ, ദശരഥൻ, കണ്വൻ)

15. ചോദ്യോത്തരങ്ങൾ:

1. "കർമ്മമത്രേ നടുക്കാവതല്ലാർക്കുമേ
ബ്രഹ്മഹത്യാ പാപമുണ്ടാകയില്ല തേ"
സന്ദർഭവും ആശയവും വിശദമാക്കുക.

2. എഴുത്തച്ഛനെ കുറിച്ചും കിളിപ്പാട്ട് പ്രസ്ഥാനത്തെ കുറിച്ചും ഒരു ഖണ്ഡിക എഴുതുക?
3. "തൽക്ഷണം കനിവിരാവെന്തിനങ്ങോട്ടേ-
ക്കെത്തി" – കനിവിരാവ് എന്ന പ്രയോഗം നൽകുന്ന ആശയങ്ങൾ ഏവ?
4. തമാശയുടെ അടരിനുള്ളിൽ ഒരു സർവനാശദർശനം വിശദമാക്കുക?
5. പ്രാചീനകാലത്ത് അന്നവും മനുഷ്യനും തമ്മിലുള്ള ബന്ധമെന്ത്? ഇന്ന് ആ ബന്ധത്തിന് വന്ന മാറ്റം എന്ത്
6. "കുഞ്ഞേ, നല്ല ശിഷ്യനു കൊടുത്ത വിദ്യയെപ്പറ്റി എന്നപോലെ നിന്നെപ്പറ്റി ഇനി എനിക്ക് വിചാരപ്പെടാനില്ല" – സന്ദർഭവും ആശയവും എഴുതുക.
7. സന്ദർഭവും ആശയവും അലങ്കാരവും വ്യക്തമാക്കുക
"പായുന്ന കണ്ണീർക്കണമെന്നപോലെ
പെയ്യുന്നിതേ വെള്ളില വള്ളി തോറും."
8. വാവലുകളെ വെടിവയ്ക്കാൻ ശ്രമിച്ചെങ്കിലും നടന്നില്ല കാരണമെന്ത്?

**16. ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക:**

1. കടൽക്കരയിൽ അപ്പു കണ്ട കാഴ്ചകൾ ഏവ? വിശദീകരിക്കുക?
2. പരിസരബോധം വന്നപ്പോൾ അപ്പുവിന്റെ മനസ്സിലുണർന്ന ചിന്തകൾ ഏവ?
3. ആധുനിക ജീവിതത്തിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒരു ജീവിതരീതിയാണ് ദ്വീപുവാസികളുടേത് – വിശദമാക്കുക.

Prepared by: Lisamma Thomas
IX - X (Boys)